LIBRARY ARCHIVES Kerala Legislative Assembly

(ബി) കോവിഡ് ഒന്നാം തരംഗത്തിന്റെ ആഘാതം നേരിടുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പാക്കിയ രണ്ട് നൂറുദിന പരിപാടികളുടെ നേട്ടങ്ങൾ അവലോകനം ചെയ്തിരുന്നോയെന്ന് അറിയിക്കാമോ?

13-10-2020, 10-11-2020, 2-12-2020, 27-1-2021 എന്നീ തിയതികളിൽ അവലോകനയോഗം നടത്തിയിട്ടുണ്ട്.

(സി) കോവിഡ് രണ്ടാം തരംഗകാലത്ത് ഒരാൾപോലും പട്ടിണി കിടക്കാതിരിക്കാൻ നടത്തിയ കരുതൽ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം തരംഗം അതിജീവിക്കുന്നതിനുള്ള ദുരിതാശ്വാസമായി 2021 മേയ് മാസം 85 ലക്ഷത്തിൽപരം വരുന്ന എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തവകയിൽ സർക്കാർ സപ്ലൈകോയ്ക്ക് 410 കോടി രൂപ നൽകിയിട്ടുണ്ട്. ജൂൺ മാസത്തെ ചെലവ് 407.72 കോടി രൂപയാണ്. പൊതുവിതരണ സംവിധാനം വഴി പരിമിതമായ ഭക്ഷ്യധാന്യ വിഹിതംമാത്രം ലഭിച്ചുവരുന്ന സംസ്ഥാനത്തെ 50 ലക്ഷത്തിൽപ്പരം മുൻഗണനേതരവിഭാഗം റേഷൻ കാർഡുകൾക്കും 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം സ്പെഷ്യൽ അരി 20 രൂപ/കി.ഗ്രാം നിരക്കിൽ OMSS സ്കീമിൽ എഫ്.സി.ഐ.-യിൽനിന്നും വാങ്ങി 2021 മാർച്ച് മുതൽ ജൂലൈ മാസങ്ങളിലായി വിതരണം ചെയ്തുവരുന്നു. ഈ ഇനത്തിൽ എഫ്.സി.ഐ.-യിൽനിന്നും അരി വാങ്ങുന്നതിനായി ഇതുവരെ 244.07 കോടി രൂപ ചെലവായിട്ടുണ്ട്.

കോവിഡ് മരണനിരക്ക്

21 (*140) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഐ. ബി. സതീഷ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നുവെന്ന ആരോപണങ്ങൾ ഉന്നയിക്കുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ 21-7-2021 വരെ 15617 കോവിഡ് മരണങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരീകരിച്ചിട്ടുള്ളത്. കോവിഡിന്റെ ആരംഭത്തിൽ മരണങ്ങളുടെ വിവരങ്ങൾ ആശുപത്രിയിൽനിന്നും ജില്ലയിലേയ്ക്കും ജില്ലാതലത്തിലെ പരിശോധനയ്ക്കുശേഷം സംസ്ഥാനതലത്തിലേയ്ക്കും മാന്വലായി അയച്ചാണ് റിപ്പോർട്ടിംഗ് നടത്തിയിരുന്നത്. എന്നാൽ 2021 ജൂൺ 16 മുതൽ സംസ്ഥാനത്ത് വികേന്ദ്രീകൃത ഓൺലൈൻ സംവിധാനം വഴി മരണം യഥാസമയംതന്നെ റിപ്പോർട്ടിംഗ് ചെയ്യുവരുന്നു. മാന്വലായി ചെയ്തിരുന്നപ്പോൾ ഉണ്ടായിരുന്ന കാലതാമസം ഇതിലൂടെ നമുക്ക് കുറയ്ക്കാൻ സാധിച്ചു. ഇതല്ലാതെ സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നതിനുശ്രമം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ആരോഗ്യവകുപ്പും ആരോഗ്യ പ്രവർത്തകരും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും ആരോഗ്യ ഗവേഷണ കൗൺസിലിന്റെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കോവിഡ് പരിശോധന, കോവിഡ് ചികിത്സാ മാനദണ്ഡങ്ങൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും ICMR-ന്റെയും നിർദ്ദേശങ്ങളാണ് കേരളം പിന്തുടർന്നുപോരുന്നത്. കോവിഡ് നിയന്ത്രണങ്ങളിലും ചികിത്സാരീതികളിലും കേരളത്തിലെ ബന്ധപ്പെട്ട മാനദണ്ഡങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ ആരോഗ്യ വകുപ്പ് വരുത്തിയിട്ടുണ്ട്. മാറ്റങ്ങൾക്കനുസരിച്ചുള്ള ബോധവത്കരണം ആരോഗ്യ പ്രവർത്തകർക്കിടയിലും പൊതുജനങ്ങൾക്കിടയിലും കൊണ്ടുവരുന്നതിനായി തുടർ പരിശീലനങ്ങളും വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി കേരള ഹെൽത്ത് ഓൺലൈൻ ടെയിനിംഗ് എന്ന യൂട്യൂബ് ചാനലും ഉപയോഗപ്പെടുത്തിവരുന്നു. ഇതുകൂടാതെ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മറ്റും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലകളേയും സംസ്ഥാനതലത്തിലെ ഓഫീസർമാർ സൂപ്പർവിഷൻ ചെയ്യുവരുന്നു. സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ട വ്യത്യസ്തമായ കമ്മിറ്റികൾ അവരവരുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ദൈനംദിന ഓൺലൈൻ മീറ്റിംഗ് വഴി നടത്തിവരുന്നു.

(സി) കോവിഡ് പോസിറ്റീവായി മൂന്ന് മാസത്തിനകം മരണപ്പെട്ടിട്ടുള്ളവരുടെ മരണ സർട്ടിഫിക്കറ്റിൽ മരണകാരണം കോവിഡാണെന്ന് രേഖപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ഡി) സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ മാറ്റംവരുത്തുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച തുടർ നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽനിന്നും ICMR-ൽ നിന്നും ലഭ്യമായിട്ടില്ല. നിലവിൽ ലോകാരോഗ്യ സംഘടനയുടേയും, ICMR-ന്റേയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കേരളത്തിൽ കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്.

കോവിഡ് പ്രതിരോധം

22(*141) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 6-ലെ കണക്കുപ്രകാരം രാജ്യത്തെ കോവിഡ് രോഗികളുടെ നാലിലൊന്നും പുതുതായി രോഗം സ്ഥിരീകരിക്കുന്നവരുടെ മൂന്നിലൊന്നും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയൊട്ടുക്കും കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് കേരളത്തിലും ഏപ്രിൽ ആദ്യവാരം മുതൽ ദിനംപ്രതി സ്ഥിരീകരിക്കുന്ന കോവിഡ്-19 കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് കണ്ടുതുടങ്ങിയിരുന്നു. ചിട്ടയായ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും ഹൈ റിസ്ക് ഗ്രൂപ്പുകളിൽ കോവിഡ് രോഗികളുമായും സമ്പർക്കം പുലർത്തിയവരിലും അടിസ്ഥാനപ്പെടുത്തിയുള്ള പരിശോധനയുടെ ഭാഗമായും മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയും പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിച്ചുമാണ് നാളിതുവരെ കേരളം കോവിഡ് മഹാമാരിയെ നേരിട്ടത്. എന്നാൽ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഇന്ത്യയൊട്ടുക്കും റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് 19-ന്റെ ജനിതക വ്യതിയാന രൂപമായ ഡെൽറ്റാ വേരിയന്റിനെ തുടർന്ന് കേരളത്തിലും കേസ്സുകളുടെ എണ്ണത്തിലും രോഗസ്ഥിരീകരണ വളർച്ചാ നിരക്കിലും വർദ്ധനവുണ്ടായി. ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഒന്നരക്കൊല്ലമായി ചെയ്തുവന്ന പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം ഊർജ്ജിതമായ വാക്സിനേഷനും ഈ കാലയളവിൽ സംസ്ഥാനം സ്വീകരിക്കുകയുണ്ടായി. കേസ്സുകൾ ക്രമാനുഗതമായി വർദ്ധിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly